AN INTERNATIONAL ORGANIZATION DEDICATED TO PROTECTING THE RIGHTS OF ALL ANIMALS

PeTA

PEOPLE FOR
THE ETHICAL
TREATMENT
OF ANIMALS

PETA India
PO Box 28260
Juhu, Mumbai
400 049
(22) 4072 7382
(22) 2636 7383 (fa

Info@petaindia.or
PETAIndia.com

**NEWS RELEASE**

<u>**For Immediate Release**</u>**:**
21 February 2017

<u>**Contact**</u>**:**
Nikunj Sharma +91 9910397382; NikunjS@petaindia.org
Shambhavi Tiwari +91 9167907382; ShambhaviT@petaindia.org

# ബ്രേക്കിംഗ്: പ്രബല ഇന്ത്യൻ പൗൾട്രി കമ്പനികൾ കോഴിക്കുഞ്ഞുങ്ങളെ ചുട്ടെരിക്കുകയും, മുക്കിക്കൊല്ലുകയും ചതയ്ക്കുകയും ചെയ്യുന്നത് അന്വേഷണാത്മക വീഡിയോ വെളിപ്പെടുത്തുന്നു

<u>**മുട്ടയുടെയും ഇറച്ചിയുടെയും വ്യവസായത്തിൽ ക്രൂരമായ സമ്പ്രദായങ്ങളുടെ സമ്പൂർണ്ണമായ മാറ്റത്തിന് പീട്ടാ ആഹ്വാനം ചെയ്യുന്നു - ഒപ്പം പൊതുജനങ്ങളോട് സസ്യാഹാരത്തിലേക്ക് മാറുവാനുംഅഭ്യർത്ഥിക്കുന്നു.**</u>

ഹൈദരാബാദ്- അനോണിമസ് ഫോർ അനിമൽ റൈറ്റ്സ് -നാൽ നടത്തപ്പെട്ടതും പീപ്പിൾ ഫോർ എത്തിക്കൽ ട്രീറ്റ്മെന്റ് ഓഫ് അനിമൽസ് (പീട്ടാ) ഇന്ത്യയാൽ കരസ്ഥമാക്കപ്പെട്ടതും ആയ - ആന്ധ്രാപ്രദേശിലെയും തെലുങ്കാനയിലെയും നിരവധി ഫാമുകളിലെയും ഹാച്ചറികളിലെയും ഒരു ദൃക്സാക്ഷി അന്വേഷണം - മുട്ട വ്യവസായത്തിൽ ഉപയോഗപ്രദമല്ലാത്തത് എന്ന് പരിഗണിക്കപ്പെടുന്ന ദശലക്ഷക്കണക്കിന് പൂവൻ കോഴികളെയും ഒപ്പം തന്നെ അനാവശ്യമായ മറ്റ് കോഴികളെയും ചതയ്ക്കുകയും വെള്ളത്തിൽ മുക്കിക്കൊല്ലുകയും, ചുട്ടെരിക്കുകയും ചവറ്റുതൊട്ടികളിൽ തള്ളുകയും ചെയ്യുകയുമാണ് ഇന്ത്യയിലെ മുട്ടയുടെയും ഇറച്ചിയുടെ വ്യവസായത്തിലെ പ്രമുഖർ സാധാരണയിൽ ചെയ്യാറുള്ളത്, കൂടാതെ ജീവനുള്ളപ്പോൾ തന്നെ മറ്റ് മൃഗങ്ങൾക്ക് തീറ്റിയായി ഇട്ടുകൊടുക്കുകയും ചെയ്യുന്നു.

**അന്വേഷണാത്മക വീഡിയോകളുടെയും വിശദമായ റിപ്പോർട്ടിന്റെയും ആഖ്യാനത്തോട് കൂടിയുള്ളതും ആഖ്യാനമില്ലാത്തതും ആയ ഭാഷ്യങ്ങൾ <u>ഇവിടെ</u> കാണാവുന്നതും ഡൗൺലോഡ് ചെയ്യാവുന്നതും ആണ്. വീഡിയോ ഫിലിമിന്റെ ആഖ്യാനത്തോട് കൂടിയ ഒരു ഭാഷ്യവും കൂടി ഇവിടെ കാണുവാൻ കഴിയുന്നതാണ്, കൂടാതെ വ്യത്യസ്തമായ ആഖ്യാനം ഇല്ലാത്ത ഭാഷ്യം ഇവിടെ കാണുവാൻ കഴിയുന്നതാണ്.**

ദൃക്സാക്ഷികൾ ഇനിപ്പറയുന്നവ പ്രമാണീകരിച്ചിട്ടുണ്ട്:

- ഇൻക്യുബേറ്ററുകളിലെ മുട്ട വിരിയിക്കൽ കോഴികളിലെ പുറത്തേക്ക് തള്ളിനിൽക്കുന്ന അവയവങ്ങൾ പോലെയുള്ള അംഗവൈകല്യത്തിലേക്ക് വഴി തെളിക്കുന്നു.
- അവയുടെ ലിംഗനിർണ്ണയത്തിന് വേണ്ടി തൊഴിലാളികൾ കോഴികളുടെ ജനനേന്ദ്രിയങ്ങളെ ശക്തിയായി അമർത്തുന്നു.
- കോഴികളുടെ കൊക്കിന്റെ വലിയ ഒരു ഭാഗം പൊള്ളുന്ന പഴുപ്പിച്ച ഒരു കത്തി കൊണ്ട് വെട്ടി മാറ്റുന്നു-യാതൊരു മരവിപ്പിക്കൽ മരുന്നും ഇല്ലാതെ- സാധാരണയിൽ മുട്ട വ്യവസായത്തിൽ കണ്ടുവരുന്ന തിങ്ങിനിറഞ്ഞ കൂടുകളാൽ ഉണ്ടാകുന്ന ഇച്ഛാഭംഗം കൊണ്ട് ഒന്ന് മറ്റൊന്നിനെ കൊത്തുന്നത് തടയുന്നതിന് വേണ്ടി.
- ആവശ്യമില്ലാത്ത കോഴികളെയും ചതയ്ക്കുന്ന വലിയ മെഷീനുകളിലേക്ക് ജീവനുള്ളപ്പോൾ തന്നെ മുട്ടത്തോടുകളുടെയും ചത്ത കോഴികളുടെയും ഒപ്പം വലിച്ചെറിയുന്നു.
- 30 മിനിട്ടുകൾ വരെ രക്ഷപ്പെടുവാൻ അവ സാഹസികമായി ശ്രമിക്കുമ്പോഴും അവയെ വെള്ളം നിറച്ച തൊട്ടികളിൽ മുക്കിത്താഴ്ത്തുന്നു.
- ചിലവയെ എരിയുന്ന തീയിലേക്ക് വലിച്ചെറിയുകയും കരിഞ്ഞ് ചാകുവാൻ വിടുകയും ചെയ്യുന്നു.
- മറ്റുള്ളവകളെ വലിയ ഡ്രമ്മുകളിൽ അല്ലെങ്കിൽ ലോറികളിൽ കൂമ്പാരമായി ഒന്നിച്ച് കുത്തി നിറച്ചുകൊണ്ട് ചതയ്ക്കുകയോ അല്ലെങ്കിൽ ശ്വാസം മുട്ടിച്ച് കൊല്ലുകയോ ചെയ്യുന്നു.

Affiliates:
- PETA US
- PETA Foundation (UK)
- PETA Asia
- PETA Germany
- PETA Netherlands

Registered Office:
H-341, Ground Floor
New Rajendra
Nagar, New Delhi
110 066

AN INTERNATIONAL ORGANIZATION DEDICATED TO PROTECTING THE RIGHTS OF ALL ANIMALS

PeTA

PEOPLE FOR THE ETHICAL TREATMENT OF ANIMALS

PETA India
PO Box 28260
Juhu, Mumbai
400 049
(22) 4072 7382
(22) 2636 7383 (fa

Info@petaindia.org
PETAIndia.com

**NEWS RELEASE**

- തൊഴിലാളികൾ കോഴികളെ മത്സ്യ ഫാമുകളിലേക്ക് കൊണ്ടുപോയി ജീവനോടെ ഭക്ഷിക്കപ്പെടുന്നതിനായി കുളത്തിലേക്ക് വലിച്ചെറിയുന്നു.

ഈ പൈശാചിക കൃത്യങ്ങളോടുള്ള പ്രതികരണമായി, സസ്യാഹാരത്തിലേക്ക് മാറുവാൻ പൊതുജനങ്ങളോടും ഒപ്പം തന്നെ കോഴിക്കുഞ്ഞുങ്ങൾ വിരിയുന്നതിന് മുമ്പ് തന്നെ അവയുടെ ലിംഗം നിർണ്ണയിക്കപ്പെടുന്ന പുതിയ *ഇൻ ഓവോ* ലൈംഗിക നിർണ്ണയ സാങ്കേതികവിദ്യ പരിഗണിക്കുവാൻ സർക്കാരിനോടും പീട്ടാ ആഹ്വാനം ചെയ്യുന്നു. ഇത് ആരോഗ്യമില്ലാത്ത കോഴികൾക്ക് വേദനരഹിതമായ ദയാവധത്തിന് വേണ്ടിയുള്ള ലിഖിതമായ ഒരു നിലവാരം സ്ഥാപിക്കുന്നതിനും നടപ്പിലാക്കുന്നതിനും അത് വഴി പൂവൻ കോഴികളെ വലിയ തോതിൽ കൊല്ലുന്നത് സംഭവ്യമായി തടയുന്നതിനും ഒപ്പം ക്രൂരമായ രീതികളിൽ കോഴികളെ കൊല്ലുന്ന കമ്പനികൾക്ക് എതിരെ ശക്തമായ നടപടി കൈക്കൊള്ളുന്നതിനും വഴിയൊരുക്കുന്നു.

''വികലമാക്കിയ കോഴികളെ തീരെ ചെറിയ കൂടുകളിൽ കുത്തിനിറയ്ക്കുന്നത് മുതൽ ചതയ്ക്കുന്നത് വരെയുള്ള, മുക്കിക്കൊല്ലൽ, ജീവനോടെ ചുട്ടെരിക്കൽ എന്നിവ മുട്ടയുടെയും ഇറച്ചിയുടെയും വ്യവസായത്തിലെ ക്രൂരതയ്ക്കൊപ്പം വ്യാപകമാണ്'', പീട്ടാ ഇന്ത്യയുടെ സിഇഒ പൂർവ്വ ജോഷിപുര പറയുന്നു. ''ഒരു ജീവിയും നമ്മുടെ ആഹാരത്തിന് വേണ്ടി കഷ്ടത അനുഭവിക്കാതിരിക്കുന്നതിനുള്ള ഒരേ ഒരു ഗ്യാരണ്ടി സസ്യാഹാരത്തിലേക്ക് മാറുക എന്നത് മാത്രമാണ്.''

വീഡിയോയിൽ കാണപ്പെടുന്നത് പോലെ, ഡയമണ്ട് ഗ്രൂപ്പ്; പൗൾട്രി ബിസിനസ്സിലെ ഒരു പ്രചുരപ്രചാരമുള്ള നാമധേയവും ഇറച്ചിക്ക് വേണ്ടിയുള്ള കോഴികളുടെ ഇന്ത്യയിലെ ഒന്നാം നമ്പർ ഉത്പ്പാദകരും ആയ സുഗുണ ഫുഡ്സ് ; അവരുടെ ഏറ്റവും പ്രധാന കമ്പനിയായ ശ്രീനിവാസ ഹാച്ചറീസ് ലിമിറ്റഡ്, അവരുടെ വെബ് സൈറ്റിൽ പറയുന്ന പ്രകാരം ''പൗൾട്രി വിഭാഗത്തിൽ അതിന്റെ പ്രവർത്തനം നടക്കുന്ന മേഖലയിൽ ലേയർ മാർക്കറ്റിന്റെ 95% -വും നിയന്ത്രിക്കുന്ന'' എസ്എച്ച് ഗ്രൂപ്പ്, കൂടാതെ ഇറച്ചി വ്യവസായത്തിന് വേണ്ടി കോഴികളുടെ ഉത്പ്പാദനം മാസം തോറും 60,00,000 ഉള്ളതും അവരുടെ കോഴി ഫാമുകളിൽ 5,00,000 കോഴികളെ വളർത്തുന്നതും ആയ എസ്ആർ ഗ്രൂപ്പ് എന്നീ കമ്പനികളുടെ വിവിധങ്ങളായ കൊല്ലൽ രീതികൾ ദൃക്സാക്ഷികൾ പ്രമാണീകരിച്ചിട്ടുണ്ട്. വെങ്കീസ് എന്ന് പൊതുവിൽ പരാമർശിക്കപ്പെടുന്ന വെങ്കടേശ്വര ഹാച്ച റീസ് പ്രൈവറ്റ് ലിമിറ്റഡ്-ന്റെ ലിംഗനിർണ്ണയ സമ്പ്രദായങ്ങളും - ഒപ്പം ഇന്ത്യയിലെ ഏറ്റവും വലിയ പൗൾട്രി ഉത്പ്പാദകരിൽ ഒന്നായ സ്കൈലാർക് ഗ്രൂപ്പിന്റെ സ്കൈലാർക് ഹാച്ചറീസ് പ്രൈവറ്റ് ലിമിറ്റഡ്-ൽ നിന്ന് കൊണ്ടു പോകുമ്പാൾ കോഴിക്കുഞ്ഞുങ്ങൾ ഞെരിഞ്ഞമരുന്നതും കൂടി വീഡിയോ കാണിക്കുന്നുണ്ട്.
കൂടുതൽ വിവരങ്ങൾക്ക്, ദയവായി സന്ദർശിക്കുക **PETAIndia.com**.

#

Affiliates:
- PETA US
- PETA Foundation (UK)
- PETA Asia
- PETA Germany
- PETA Netherlands

Registered Office:
H-341, Ground Floor
New Rajendra
Nagar, New Delhi
110 066